**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3239** **11-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥി പ്രവേശത്തിലെ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ 1197 സ്കൂളുകളിൽ ശരാശരി ഇരുപത്തിയഞ്ച് കുട്ടികളോ അതിൽ കുറവോ മാത്രമേയുള്ളൂവെന്ന സാമ്പത്തിക സർവേയിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ സർക്കാർ സ്കൂളുകൾ എത്രയെന്നും സ്വകാര്യ സ്കൂളുകൾ എത്രയെന്നും അറിയിക്കുമോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ 452 സർക്കാർ സ്കൂളുകളും, 745 എയ്ഡഡ് സ്കൂളുകളുമാണ് ഉള്ളത്.<br><br>ജില്ല തിരിച്ചുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 25 ൽ കുറവ് കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ ഏറ്റവും കൂടുതലുള്ളത് പത്തനംതിട്ട (216 എണ്ണം) ജില്ലയിലും തുടർന്ന് കോട്ടയം (168), കണ്ണൂർ (148) ജില്ലകളിലുമാണ് കുട്ടികളുടെ എണ്ണം കുറവുള്ള എയ്ഡഡ് സ്കൂളുകൾ കൂടുതൽ ഉള്ളത് പത്തനംതിട്ട (152) ജില്ലയും തൊട്ടുപുറകിൽ കണ്ണൂർ (122) ജില്ലയുമാണ്. സർക്കാർ മേഖലയിൽ കുട്ടികളുടെ എണ്ണം ഏറ്റവും കുറവുള്ള സ്കൂളുകൾ കോട്ടയം (71) ജില്ലയിലാണ്. തൊട്ടു പിന്നാലെ പത്തനംതിട്ട (64), ആലപ്പുഴ (50) ജില്ലകളുമാണ്. കുറവ് കുട്ടികളുള്ള സ്കൂളുകളുള്ളത് ഭൂരിഭാഗവും എൽ.പി. സ്കൂൾ മേഖലയിലാണ്. സർക്കാർ മേഖലയിൽ ഏറ്റവും കുറവ് കുട്ടികൾ ഉള്ളത് (91.4 ശതമാനം) എൽ പി സ്കൂളുകളിലാണ്. എയ്ഡഡ് മേഖലയിലും (86.6 ശതമാനം) കുട്ടികൾ കുറവുള്ള സ്കൂളുകൾ എൽ.പി.വിഭാഗത്തിലാണ്. ശരാശരി 10 കുട്ടികളേക്കാൾ കുറവുള്ള 34 സർക്കാർ എൽ.പി. സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ ഇത് 160 ആണ് |
| (ബി) | കഴിഞ്ഞ അധ്യയനവർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികളാണ് പുതിയതായി അഡ്മിഷൻ എടുത്തത്; ഈ അധ്യയന വർഷം എത്ര കുട്ടികളാണ് അഡ്മിഷൻ എടുത്തത്; വിദ്യാർത്ഥി പ്രവേശത്തിൽ കുറവ് ഉണ്ടാകുന്നതിന് കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിദ്യാർത്ഥി പ്രവേശം സംബന്ധിച്ച് സാമ്പത്തിക സർവേയിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | കഴിഞ്ഞ അധ്യയന വർഷം (2023-24) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) ഒന്നാം ക്ലാസ്സിൽ 2,58,149 കുട്ടികളും, രണ്ടാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെ പുതുതായി 42,881 കുട്ടികളും ഉൾപ്പെടെ ആകെ 3,01,030 കുട്ടികൾ പുതുതായി അഡ്മിഷൻ എടുത്തു.<br><br>ഈ അധ്യയന വർഷം 2024-25 സംസ്ഥാനത്തെ പൊതുവിദ്യാല യങ്ങളിൽ (സർക്കാർ, എയ്ഡഡ്) ഒന്നാം ക്ലാസിൽ 2,50,986 കുട്ടികളും രണ്ടാം ക്ലാസു |

| | | | |
|---|---|---|---|
| | | | മുതൽ 10-ാം ക്ലാസു വരെ 34,589 കുട്ടികളും ഉൾപ്പെടെ ആകെ 2,85,575 കുട്ടികൾ പുതുതായി അഡ്മിഷൻ എടുത്തു.<br><br>15 വർഷം മുമ്പ് ജനിച്ച കുട്ടികളാണ് 2024 മാർച്ചിൽ എസ് എസ് എൽ സി പരീക്ഷ എഴുതി 10-ാം ക്ലാസ് വിദ്യാഭ്യാസം പൂർത്തീകരിച്ചത്. 2009 ൽ രജിസ്റ്റർ ചെയ്ത ജനനം ഏകദേശം 5.5 ലക്ഷമാണ്. ആ സമയത്തെ ക്രൂഡ് ബർത്ത് റേറ്റ് 16 ആണ്. ഇവരാണ് 2014 ൽ 1-ാം ക്ലാസിൽ എത്തിയത്. 2024-25 ൽ 1-ാം ക്ലാസിൽ എത്തുന്നത് 2019 ൽ ജനിച്ച കുട്ടികളാണ്. 2019 ൽ രജിസ്റ്റർ ചെയ്ത ജനനം ഏകദേശം 4.8 ലക്ഷമാണ്. ആ സമയത്തെ ക്രൂഡ് ബർത്ത് റേറ്റ് 13.9 ആണ്. അതായത് ജനനത്തിൽ 2009 നെ അപേക്ഷിച്ച് 2019 ൽ 70,000 കുട്ടികളുടെ കുറവ് ഉണ്ടായി. ഇത് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിക്കും.<br><br>പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാനുണ്ടായ പ്രധാന കാരണമായി സാമ്പത്തിക സർവ്വേ കണ്ടെത്തിയത് ജനന നിരക്കിൽ വന്ന കുറവു തന്നെയാണ്. |
| (സി) | സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും സ്വകാര്യ സ്കൂളുകളിലേക്കും കേന്ദ്ര സിലബസിലേക്കും കുട്ടികൾ തിരികെ പോകുന്ന പ്രവണത വർദ്ധിക്കുന്നുണ്ടോ; ഇക്കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ